21
ഒക്ടോബർ 2015
ബുധൻ
1191 തുലാം 4

മലയാള മനോരമ
ESTABLISHED 1888

കൊച്ചി
30 പേജ്
₹ 6.00
***

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com

സൈക്കിളിൽ ചുറ്റിയടിക്കൂ, സൗജന്യമായി!

കൊ
ക്കിളി
സൈക്കിൾ ക്ലബ്' ഒരുക്കുന്നത് ഇതിനുള്ള അവസരമാണ്. നഗരത്തിന്റെ 10 സ്ഥലങ്ങളിൽ സൈക്കിൾ റാക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്കു കോർപറേഷൻ അംഗീകാരം നൽകിയതോടെ പുതിയൊരു സംസ്കാരം വളർത്തിയെടുക്കാനുള്ള ശ്രമത്തിലാണിവർ. നാലിടത്തു സൈക്കിൾ റാക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. മറൈൻ ഡ്രൈവ്, നോർത്ത് മേൽപ്പാലത്തിനു സമീപം, സൗത്ത് റയിൽവേസ്റ്റേഷൻ,കലൂർബസ്സ്റ്റാൻഡ് എന്നിവിടങ്ങളിലാണു സൈക്കിൾ റാക്കുകൾ ഇപ്പോഴുള്ളത്.

മൂന്നു വർഷം മുൻപു നഗരത്തിന്റെ പല ഭാഗത്തും സൈക്കിളുകൾ സ്ഥാപിച്ചു പദ്ധതി ആരംഭിച്ചിരുന്നെങ്കിലും പ്രത്യേകം റാക്കുകൾ ഇതിനു വേണ്ടി ഒരുക്കിയിരുന്നില്ല. തിരുവനന്തപുരം ടെക്നോപാർക്കിലും കാക്കനാട് ഇൻഫോപാർക്കിലും സൈക്കിൾ റാക്ക് സ്ഥാപിച്ച പദ്ധതി വിജയകരമായതോടെ പുതിയ സ്ഥലങ്ങളിലേക്ക് ഇതു വ്യാപിപ്പിക്കുകയായിരുന്നു. കോർപറേഷനും അംഗീകാരം നൽകിയതോടെ കാര്യങ്ങൾ വേഗത്തിലായി.

സൗത്ത് റയിൽവേ സ്റ്റേഷനു മുന്നിലെ സൈക്കിൾ റാക്ക്

മറൈൻ ഡ്രൈവിലെ സൈക്കിൾ റാക്ക്

സൈക്കിൾ എടുക്കുന്നതിനു പണമൊന്നും നൽകേണ്ടെന്നതാണ് ഏറ്റവും വലിയ ആകർഷണം. വിവിധ കമ്പനികളുടെ സഹകരണത്തോടെയാണു സൈക്കിൾ ക്ലബുകൾ ആരംഭിക്കുന്നത്. സൈക്കിളുകൾ സംഭാവന ചെയ്യുന്നതും ഇവർ തന്നെ. ഓരോ റാക്കിലും അഞ്ചു സൈക്കിളുകൾ വീതമാണുള്ളത്.

പേര്, വിലാസം, ഇ- മെയിൽ ഐഡി എന്നിവ നൽകി ആദ്യം രജിസ്റ്റർ ചെയ്യണം. പിന്നീട് ഓരോ തവണയും എസ്എംഎസ് അയച്ചു സൈക്കിൾ ലോക്ക് മാറ്റാനുള്ള പാസ്വേഡ് നേടിയാൽ സൈക്കിൾ ഉപയോഗിക്കാം. നഗരത്തിൽ സൈക്കിൾ ഉപയോഗിക്കുന്നവരുടെ എണ്ണം വർധിക്കുന്നതായും ഒട്ടേറെപ്പേർ പിന്തുണയുമായി എത്തുന്നുവെന്നും അതി സൈക്കിൾ ക്ലബ് സ്ഥാപകൻ എം.എസ്. അതിരൂപ് പറയുന്നു.

ഏതെങ്കിലും ഒരു സ്ഥലത്തു നിന്നെടുക്കുന്ന സൈക്കിൾ അവിടെ തന്നെ തിരികെ വയ്ക്കണമെന്നില്ല. മറ്റു സെന്ററുകളിൽ ഏൽപ്പിച്ചാൽ മതിയാകും. പ്രത്യേക സോഫ്റ്റ്വെയറും പ്രവർത്തനങ്ങൾക്കു വേണ്ടി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഒരു മാസം അൻപതു മണിക്കൂർ എന്ന കണക്കിലാണ് ഒരാൾക്ക് ഉപയോഗിക്കാൻ അവസരമുള്ളത്. കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, മനോരമ ജംക്ഷൻ, ബോട്ട് ജെട്ടി, കച്ചേരിപ്പടി തുടങ്ങിയ സ്ഥലങ്ങളിലും വൈകാതെ സൈക്കിൾ റാക്കുകൾ സ്ഥാപിക്കും.

റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെത്തി പരിശോധന നടത്തി അനുമതി നൽകിയ ശേഷമാണു സൈക്കിൾ റാക്കുകൾ സ്ഥാപിക്കുന്നത്. അതി സൈക്കിൾ ക്ലബിന്റെ കീഴിൽ 25 സൈക്കിൾ റാക്കുകളിലായി 200ലേറെ സൈക്കിളുകൾ ഇപ്പോഴുണ്ട്.